# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 11, No. 3 September - October, 2017

Edited & Published by  Fr. Sajeesh Mathew Thrikkodanmalil
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം


സർക്കുലർ ...... 4

ഫ്രാൻസിസ് മാർപാപ്പാ നൽക്കുന്ന
ലോകമിഷൻ ദിന സന്ദേശം – 2017 ...... 10

ദൈവദാസി സി. റാണി മരിയയുടെ നാമകരണത്തെക്കുറിച്ച്
മേജർ ആർച്ച് ബിഷപ്പ് പുറപ്പെടുവിക്കുന്ന സർക്കുലർ ...... 18

മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ ...... 22

രൂപതാകച്ചേരി വാർത്തകൾ ...... 27

Fourth Diocesan Pastoral Council 2017 – 2020 ...... 30

ഭദ്രാവതി രൂപത അഭിഷേകാഗ്നി കൺവെൻഷൻ ...... 35

മതബോധന–ബൈബിൾ കമ്മീഷൻ ...... 38

യുവജന പ്രേഷിതത്വം ...... 40

മാതൃവേദി ...... 42

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ...... 44

Bishop's Diary ...... 46

Bishop's Programme ...... 48

Kannada Section ...... 50

# സർക്കുലർ

## ഭദ്രാവതി രൂപതാ അഭിഷേകാഗ്നി കൺവെൻഷനും രൂപതാസ്ഥാപനത്തിന്റെ ദശവാർഷികാഘോഷവും

''വരൂ നമുക്കും അവനോടൊപ്പം പോകാം'' (യോഹ. 11:16)

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

2007 ആഗസ്റ്റ് 21–നു സ്ഥാപിതമായി ഒക്ടോബർ 25–നു പ്രവർത്തനം ആരംഭിച്ച ഭദ്രാവതി രൂപത, 2017 ഒക്ടോബറിൽ രൂപതാസ്ഥാപനത്തിന്റെ പത്തുവർഷങ്ങൾ പൂർത്തിയാക്കുകയാണല്ലോ? രൂപതാസ്ഥാപനത്തിന്റെ ദശവാർഷികാഘോഷത്തിന്റെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷങ്ങളായി വിവിധ പരിപാടികളും പ്രവർത്തനപദ്ധതികളുമായി നാം മുൻപോട്ടു പോകുകയായിരുന്നു. ദശവാർഷികാഘോഷത്തിന്റെ ഭാഗമായി നാം സമർപ്പിതവർഷവും, കുടുംബവർഷവും ആചരിച്ചു; ഇപ്പോൾ നവസുവിശേഷവൽക്കരണ വർഷം ആചരിച്ചു വരുന്നു. ഇവയുടെയെല്ലാം പരിസമാപ്തി എന്ന നിലയിലാണു അടുത്തുവരുന്ന രൂപതാ ബൈബിൾ കൺവെൻഷൻ (അഭിഷേകാഗ്നി കൺവെൻഷൻ) നാം ക്രമീകരിച്ചിരിക്കുന്നത്. തുടർന്നു ഒക്ടോബർ 25–നു നടക്കുന്ന രൂപതാദിനത്തോടുകൂടി നമ്മുടെ ദശവാർഷിക പരിപാടികൾ സമാപിക്കും. അടുത്തുവരുന്ന ഈ രണ്ടു സുപ്രധാന പരിപാടികളിലേയ്ക്കും – ഒക്ടോബർ 16 മുതൽ 19 വരെ എൻ. ആർ. പുര വച്ചു നടക്കുന്ന ബൈബിൾ കൺവെൻഷനിലേയ്ക്കും, ഒക്ടോബർ 25–നു ബോധന പാസ്റ്ററൽസെന്ററിൽ വച്ചു നടക്കുന്ന രൂപതാദിന ആഘോഷങ്ങളിലേയ്ക്കും – നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നതിനാണ് ഞാനിതെഴുതുന്നത്.

### രൂപതാ ബൈബിൾ കൺവെൻഷൻ

2017 ഒക്ടോബർ 16 മുതൽ 19 വരെ എൻ. ആർ. പുര വച്ചു നടക്കുന്ന ബൈബിൾ കൺവെൻഷനേക്കുറിച്ച് ഇതിനോടകം നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ? ആദ്യമായാണു രൂപതാതലത്തിൽ ഇപ്രകാരമൊരു

ബൈബിൾ കൺവെൻഷൻ നാം നടത്തുന്നത്. അട്ടപ്പാടി സെഹിയോൻ ടീമിലെ ബഹു. സേവ്യഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിലാണു കൺവെൻഷൻ നടക്കുക. ബെൽത്തങ്ങടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവും, ഷിമോഗ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഫ്രാൻസീസ് സെരാഓ പിതാവും കൺവെൻഷൻ ദിനങ്ങളിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകും. നമ്മുടെ രൂപതയിലെ സാധിക്കുന്നിടത്തോളം എല്ലാവരും ഈ കൺവെൻഷനിൽ പങ്കെടുക്കണമെന്നതാണു എന്റെ ആഗ്രഹം. എല്ലാവരേയും അകമഴിഞ്ഞ സ്നേഹത്തോടെ ഈ വചന വിരുന്നിലേയ്ക്കു ഞാൻ സ്വാഗതം ചെയ്യുന്നു. ഭദ്രാവതി രൂപതാകുടുംബമെന്ന നിലയിൽ നമുക്ക് ഒരുമിച്ചു വരുവാനും, ഒരുമിച്ചു പ്രാർത്ഥിക്കുവാനും, ഒരുമിച്ചു ദിവ്യബലിയർപ്പിച്ച്, തിരുവചനം കേട്ട് ജീവിതം നവീകരിക്കുവാനും, ഒരുമിച്ചു ദൈവത്തിനു നന്ദി പറയുവാനും, ഒരുമിച്ചു ഒരേ ഹൃദയവും മനസ്സുമുള്ള കുടുംബമായി മുന്നോട്ടുപോകാനും ഒക്കെയുള്ള സുവർണാവസരമായി നമുക്കിതിനെ കാണാം.

നമ്മുടെ രൂപതാസ്ഥാപനത്തിന്റെ പത്താം വാർഷികമാണു ഈ ബൈബിൾ കൺവെൻഷന്റെ പശ്ചാത്തലം. കേരളത്തിന്റെയും കർണാടകത്തിന്റെയും പല ഭാഗങ്ങളിൽനിന്നായി നമ്മെ ഒരുമിച്ചുകൂട്ടി, ഭദ്രാവതി രൂപതയെന്ന പ്രാദേശിക സഭയായി നമ്മെ രൂപപ്പെടുത്തിയ ദൈവീകപരിപാലനയ്ക്കു നമുക്ക് നന്ദി പറയാം. ഒപ്പം, നമ്മെ ഒരു രൂപതാസമൂഹമാക്കി മാറ്റിയതിനു പിന്നിലെ ദൈവീക പദ്ധതികൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായ ജീവിതം നയിക്കുവാനും നമുക്ക് കഴിയണം. ജീവിതങ്ങളെ നവീകരിച്ചു പുത്തനുണർവോടെ, പുതുതായ ചൈതന്യത്തോടെ ക്രൈസ്തവ ജീവിതം നയിക്കുവാനും, അതിനു ജീവിത സാക്ഷ്യം നൽകുവാനും ഈ കൺവെൻഷൻ നമ്മെ സഹായിക്കണം. മാർ തോമാശ്ലീഹായിലൂടെ പകർന്നുകിട്ടിയ വിശ്വാസമാണു നമ്മുടെ സഭാജീവിതത്തിനടിസ്ഥാനം. മാർ തോമാശ്ലീഹായുടെ ചൈതന്യത്തിലേയ്ക്കാണു നാം വളരേണ്ടതും. തോമാശ്ലീഹായുടെ വിശ്വാസസമർപ്പണത്തിന്റെ പ്രത്യേകത വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ മൂന്നു വാക്യങ്ങൾ നമ്മുടെ മുൻപിലവതരിപ്പിക്കുന്നുണ്ട്.

യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ, യഹൂദരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ബെഥാനിയായി ലേയ്ക്കുപോകുവാൻ ഈശോ തയ്യാറെടുക്കുമ്പോൾ വിമുഖരായിരുന്ന മറ്റു ശിഷ്യന്മാരെ ധൈര്യപ്പെടുത്തിക്കൊണ്ട് തോമാശ്ലീഹാ പറയുന്നു, 'വരൂ നമുക്കും അവനോടൊപ്പം പോകാം, അവനോടപ്പം മരിക്കാം'' (യോഹ. 11:16). എപ്പോഴും കർത്താവിനോടുകൂടെയായിരിക്കുക, അവനോടു ചേർന്നു നടക്കുക, സഹനവും മരണവും അതിന്റെ ഭാഗമാണെങ്കിൽക്കൂടി. ഇതല്ലാതെ ഒരു യേശുശിഷ്യനു വേറേ മാർഗമി ല്ല. ഈ ബൈബിൾ കൺവെൻഷൻ നമ്മെയും വിളിക്കുകയാണു 'വരൂ നമുക്കും അവനോടൊപ്പം പോകാം, അവന്റെ വഴിയേ അവനോടു ചേർന്നു നടക്കാം.'' നാം കർത്താവിനെ വിട്ട് മറ്റു പലതിന്റേയും, മറ്റു പലരുടേയും പിന്നാലെ പോയിട്ടുണ്ടാകാം. ജീവിതം സുരക്ഷിതമാക്കാൻ ദൈവത്തെ മറന്ന് സ്വാർഥതയുടെ വഴികൾ തേടിയിട്ടുണ്ടാകാം. അങ്ങനെയെങ്കിൽ കർത്താവിന്റെ പക്കലേയ്ക്കു തിരികെ വരാൻ, അവ നൊടു ചേർന്നു നടക്കാൻ ഏറ്റം നല്ല അവസരമാണീ കൺവെൻഷൻ നമുക്കൊരുക്കുക.

വീണ്ടും, യോഹന്നാന്റെ സുവിശേഷം പതിന്നാലാം അദ്ധ്യായത്തിൽ, 'പിതാവിന്റെ പക്കലേയ്ക്കുള്ള വഴി' കാണിച്ചുതരുവാൻ അപേക്ഷിക്കുന്ന തോമാശ്ലീഹായേ നാം കാണും (യോഹ. 14:15). ജീവിതയാത്രയിൽ നാമും കർത്താവിന്റെ വഴികൾ വിട്ട് മറ്റു പലവഴികളിലൂടെയും നടന്നിട്ടുണ്ടാകും. ജീവിതവിജയവും, സുഖവും, സന്തോഷവും തേടിയുള്ള യാത്ര യിൽ ഒരു ക്രൈസ്തവനു ചേരാത്ത വഴികൾ നമ്മൾ തിരഞ്ഞെടുത്തി ട്ടുണ്ടാവാം; മദ്യത്തിന്റെ, മയക്കുമരുന്നിന്റെ, തെറ്റായ ലൈംഗികത യുടെ മാർഗങ്ങളിലൂടെ, അസത്യത്തിന്റെ, വഞ്ചനയുടെ, അഴിമതിയുടെ കുറുക്കുവഴികളിലൂടെ നാം നടന്നിട്ടുണ്ടാകും. പിതാവിങ്കലേയ്ക്കു നയിക്കുന്ന യഥാർത്ഥവഴി ഈശോമിശിഹായാണെന്നു തിരിച്ചറിയാൻ, അവനോടുചേർന്നു നടക്കുവാൻ ഈ ബൈബിൾ കൺവെൻഷൻ നമ്മെ മാടി വിളിക്കുന്നു: 'വരൂ നമുക്കും അവനോടൊപ്പം പോകാം.''

ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടുന്ന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമുക്കറിയാം. ഹൃദയത്തിന്റെ ആഴത്തിൽനിന്ന്

അദ്ദേഹം ഏറ്റുപറയുന്നു "എന്റെ കർത്താവേ എന്റെ ദൈവമേ" (യോഹ. 20:28). ഈശോമിശിഹായെ ജീവിതത്തിന്റെ കേന്ദ്രമായി പ്രതിഷ്ഠിച്ചു കൊണ്ട്, അവിടുത്തെ നാഥനും കർത്താവുമായി ഏറ്റുപറയുന്ന തോമാ ശ്ലീഹ! ജീവിതകേന്ദ്രമായി കർത്താവിന്റെ സ്ഥാനത്ത് മറ്റു പലതിനേയും നമ്മൾ പ്രതിഷ്ഠിച്ചിട്ടുണ്ടാവും: നമ്മുടെ സ്വാർഥതാൽപര്യങ്ങൾ, പിടി വാശികൾ, താൻപോരിമാഭാവം, ദൈവത്തെക്കൂടാതെ ജീവിക്കാമെന്ന ചിന്ത തുടങ്ങിയവയൊക്കെ. തോമാശ്ലീഹായുടെ മക്കളെന്ന നിലയിൽ ഈശോമിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുവാൻ, അവിടുത്തേ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായി പ്രതിഷ്ഠിക്കുവാൻ ഈ ബൈബിൾ കൺവെൻഷൻ നമ്മെ മാടിവിളിക്കുന്നു: 'വരൂ നമുക്കും അവനോടൊപ്പം പോകാം."

ഈ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നമ്മുടെ രൂപതയിലെ സാധിക്കുന്നിടത്തോളം എല്ലാവരും ഈ അഭിഷേകാഗ്നി കൺവെൻഷനിൽ പങ്കെടുക്കണം. മാതാപിതാക്കളും, മുതിർന്നവരും തീർച്ചയായും ഇതിൽ പങ്കെടുത്ത് തങ്ങളുടെ തന്നെ ജീവിതങ്ങളേയും, കുടുംബങ്ങളെയും നവീകരിക്കുവാൻ പരിശ്രമിക്കണം.

നമ്മുടെ യുവതീയുവാക്കന്മാരെ ഈ കൺവെൻഷനിൽ പങ്കെടുക്കുവാൻ ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. രൂപതയിലുള്ളവരും, പഠനത്തിനോ, ജോലിക്കോ ആയി മറ്റുസ്ഥലങ്ങളിലായിരിക്കുന്നവരും ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ വിശ്വാസജീവിതം വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ യുവതീയുവാക്കളായ നിങ്ങൾ ഈശോമിശിഹായെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവുമായി കണ്ടെത്തി മുമ്പോട്ടു പോകണം. അതിനുള്ള നല്ല അവസരമായി ഈ കൺവെൻഷനെ മാറ്റുക.

നമ്മുടെ കുട്ടികളും ഈ ബൈബിൾ കൺവെൻഷനിലേക്കു വരണം. സ്കൂളുകളിൽ അവധിദിനങ്ങളായതിനാൽ കുട്ടികൾക്ക് ധ്യാനത്തിൽ പങ്കെടുക്കുക സൗകര്യപ്രദമാണല്ലോ? അങ്ങിനെ നമ്മുടെ രൂപത മുഴുവൻ ദൈവവചനം കൊണ്ടും, വിശുദ്ധ കൂദാശകൾകൊണ്ടും ജീവിതം നവീകരിച്ച് പുത്തനുണർവോടെ വിശ്വാസ ജീവിതം നയിക്കാൻ ഇടയാകണം.

നമ്മുടെ രൂപതയിലെ എല്ലാ ബഹു. വൈദികരും, സമർപ്പിതരും കൺവെൻഷൻ ദിനങ്ങളിൽ അവിടെയുണ്ടാകണമെന്നും, വിവിധ ശുശ്രൂഷകളിൽ സഹകരിക്കണമെന്നും സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. അങ്ങനെ നമ്മുടെ രൂപതയിലെ ദൈവജനം മുഴുവനും – വൈദികരും, സമർപ്പിതരും, അൽമായ സഹോദരരും – ഒന്നിച്ചു ചേരുന്ന വലിയ ഒരു സാക്ഷ്യത്തിന്റെ ദിനങ്ങളാകട്ടെ, കൺവെൻഷൻ ദിനങ്ങൾ.

ഒക്ടോബർ 16–ാം തിയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്കാണ് കൺവെൻഷൻ ആരംഭിക്കുക. എല്ലാദിവസവും ഉച്ചകഴിഞ്ഞ് 3 മുതൽ വൈകുന്നേരം 9.30 വരെയാണ് കൺവെൻഷൻ നടക്കുക. അടുത്തും, അകലെയുമുള്ള എല്ലാവർക്കും കൺവെൻഷനിൽ വന്നു സംബന്ധിക്കുവാൻ കഴിയുന്നതിനാണ് ഈ സമയക്രമീകരണം. എൻ. ആർ. പുര ഫൊറോനയിലെ ഇടവകകളിലുള്ളവർക്ക് ഓരോദിവസവും കൺവെൻഷനിൽ വന്നു പോകുവാൻ കഴിയും.

ഷിമോഗ, റിപ്പൺപേട്ട് ഫൊറോനകളിലെ ഇടവകകളിൽ നിന്നും കൺവെൻഷനിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവരിൽ സ്വന്തമായി താമസസൗകര്യം ഒരുക്കുവാൻ കഴിയുന്നവർ അപ്രകാരം ക്രമീകരണങ്ങൾ ചെയ്യണം. സ്വന്തമായി സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയാത്ത, എന്നാൽ 4 ദിവസങ്ങളിലും എൻ.ആർ.പുരയിൽ താമസിച്ച് കൺവെൻഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മുൻകൂട്ടി അറിയിച്ചാൽ താമസസൗകര്യം ഒരുക്കുന്നതാണ്. മിതമായ നിരക്കിൽ അവർക്ക് ഭക്ഷണം കിട്ടുന്നതിനുള്ള സൗകര്യവും ഒരുക്കാവുന്നതാണ്. ഇങ്ങനെ താമസിച്ച് കൺവെൻഷനിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഒക്ടോബർ 12–ാം തിയതിക്കകം തങ്ങളുടെ വികാരിയച്ചന്മാർ വഴി വിവരം ജനറൽ കോർഡിനേറ്റർ അച്ചനെയോ, ജനറൽ കൺവീനർ അച്ചനെയോ അറിയിക്കേണ്ടതാണ്.

രോഗികളായിട്ടുള്ളവർക്ക് കൺവെൻഷൻ പന്തലിൽ പ്രത്യേക സ്ഥലസൗകര്യം ഒരുക്കുന്നതായിരിക്കും. പ്രത്യേക ഇരിപ്പിടങ്ങളും മറ്റും ആവശ്യമെങ്കിൽ സ്വന്തമായി ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

കൺവെൻഷനിൽ പങ്കെടുക്കുവാൻ വരുന്നവരിൽ സ്വന്തമായി വാഹനസൗകര്യമുള്ളവർ വാഹനങ്ങളില്ലാത്ത മറ്റുള്ളവരെ കൂടി കൺവെൻഷൻ സ്ഥലത്തെത്തിക്കാൻ സഹകരിക്കേണ്ടതാണ്. എൻ. ആർ. പുര പ്രദേശത്തെ വിവിധ ഇടവകകളിലേക്ക് ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ, കൺവെൻഷൻ സംഘാടകരുടെ സഹകരണത്തോടെ ബസ് സൗകര്യം ക്രമീകരിക്കാൻ ശ്രദ്ധിക്കുക. സ്വന്തം വാഹനങ്ങളിൽ വരുന്നവർ വോളണ്ടിയേഴ്സിന്റെ നിർദ്ദേശപ്രകാരം മറ്റു തടസ്സങ്ങൾ ഉണ്ടാകാതെ വാഹനങ്ങൾ പാർക്കു ചെയ്യാൻ സഹകരിക്കുക.

ഈ ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി രൂപതാകുടുംബം മുഴുവൻ പ്രാർത്ഥിച്ച് ഒരുങ്ങുകയാണല്ലോ? തുടർന്ന് വരുന്ന ദിവസങ്ങളിലും നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. ഒക്ടോബർ മാസമായതിനാൽ നമ്മുടെ എല്ലാ ഇടവകകളിലും, ഭവനങ്ങളിലും ആഘോഷമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പതിവുണ്ടല്ലോ? ആ പതിവു മുടക്കാതിരിക്കാം. കൺവെൻഷന്റെ വിജയത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം. കൺവെൻഷൻ വിജയത്തിനായി ഈ ദിവസങ്ങളിൽ എൻ.ആർ.പുര പള്ളിയിൽ വച്ചു നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിലും സാധിക്കുന്നവരെല്ലാം പങ്കു ചേരാൻ ഓർമിപ്പിക്കുന്നു. കർത്താവിന്റെ അതിശക്തമായ സംരക്ഷണത്തിൽ നമുക്ക് ഉറച്ച് വിശ്വസിക്കാം. നമ്മുടെ രൂപതയിലെ ക്രൈസ്തവ ജീവിതത്തിനും, സാക്ഷ്യത്തിനും ഒരു പുത്തനുണർവും, പുതുചൈതന്യവും ലഭിക്കാൻ ഈ കൺവെൻഷൻ ഇടയാക്കട്ടെ. ഒരിക്കൽ കൂടി നിങ്ങളെല്ലാവരെയും, ഏറ്റം സ്നേഹത്തോടെ ഈ കൺവെൻഷനിലേക്ക് ക്ഷണിക്കുന്നു.

## ദശവാർഷിക രൂപതാദിനം

ഒക്ടോബർ 25–ന് ബോധനാ പാസ്റ്ററൽസെന്ററിൽ വച്ചു നടക്കുന്ന രൂപതാദിന ആഘോഷങ്ങളിലേക്കും നിങ്ങളെ എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. മുൻ വർഷങ്ങളിലെ രൂപതാദിനങ്ങളിൽ സൗകര്യത്തെ പ്രതി, ഇടവകകളിൽ നിന്നും, സന്യാസഭവനങ്ങളിൽ നിന്നും പ്രതിനിധികളാണ് പങ്കെടുത്തിരുന്നതെങ്കിൽ, പത്താം വാർഷികത്തിലെ ഈ രൂപ

താദിനത്തിൽ താൽപര്യമുള്ള എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. എല്ലാവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു. ക്രമീകരണങ്ങളുടെ സൗകര്യത്തിനായി പങ്കെടുക്കുന്നവരുടെ എണ്ണം എത്രയുംവേഗം ബഹു. വികാരിയച്ചന്മാർ രൂപതാകേന്ദ്രത്തിൽ അറിയിക്കണം.

ഒക്ടോബർ 25–ാം തിയതി രാവിലെ 09.30 മണിക്ക് ആരംഭിച്ച് ഉച്ച കഴിഞ്ഞ് 04 മണിക്ക് അന്നത്തെ പ്രോഗ്രാം അവസാനിക്കും. ആരാധന, വി. കുർബാന, ഉച്ചഭക്ഷണം, തുടർന്ന് പൊതുസമ്മേളനം എന്നീ ക്രമത്തിലായിരിക്കും അന്നത്തെപരിപാടികൾ.

ഈ രൂപതാദിനത്തിൽ നമ്മുടെ ആദ്യകാല മിഷനറിമാരെ നാം പ്രത്യേകം ആദരിക്കും, അതോടൊപ്പം രൂപതാദിനത്തിൽ പതിവുള്ളതുപോലെ പ്രത്യേകം ആദരിക്കേണ്ടവരെയും. കല്യാൺ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് ഇലവനാൽ പിതാവും, ഷിമോഗ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഫ്രാൻസീസ് സെരാഓ പിതാവും അന്നത്തെ വിശിഷ്ടാതിഥികളായിരിക്കും. രൂപതാസ്ഥാപനത്തിന്റെ ഈ പത്താം വാർഷികം ഏറ്റം അർത്ഥപൂർണമായി നമുക്കാചരിക്കാം.നാളിതുവരെ ദൈവം കനിഞ്ഞു നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം. ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്ന രീതിയിലുള്ള ഒരു വിശ്വാസി സമൂഹമായി, സ്നേഹത്തിന്റെ കൂട്ടായ്മയുടെ ജീവിതം നയിക്കാൻ നമുക്ക് പരിശ്രമിക്കാം. ഒക്ടോബർ മാസത്തിൽ പതിവുള്ളതുപോലെ രൂപതക്കുവേണ്ടി എല്ലാ ഇടവകകളിലും നടത്തിവരുന്ന പ്രാർത്ഥന മുടക്കം കൂടാതെ നടത്തുക.

അടുത്തുവരുന്ന രൂപതാ ബൈബിൾ കൺവെൻഷനിലേക്കും, രൂപതാദിനാഘോഷങ്ങളിലേക്കും നിങ്ങളെ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ടും, എല്ലാവർക്കും ദൈവകൃപനേർന്നുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്**

ഭദ്രാവതി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2017 ഒക്ടോബർ 8–ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# ഫ്രാൻസിസ് മാർപാപ്പാ നൽക്കുന്ന ലോകമിഷൻ ദിന സന്ദേശം – 2017

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലി നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില, വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്താണ്, സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

## വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്തയാണ്. എന്തെന്നാൽ

അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23–24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, VI, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10–11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

## പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ – രക്ഷ

യുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് – മഴ ഭൂമിയെ എന്നപോലെ തന്നെ. ''അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്'' (എവാഞ്ചെലീ നൂൺസ്യാന്തി 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് ''ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു'' (ബെനഡിക്റ്റ് 16–ാമൻ, ദേവൂസ് കാരിത്താസ് എസ്ത്, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെട്ട് പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമാ

യിത്തീരുന്നു. അത് ''അമർത്ത്യതയുടെ ഔഷധമാണ്'' (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചു കെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?'' ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

## പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. ''സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരി

ക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ'' (എവാഞ്ചെലീ നൂൻസ്യാന്തി, 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് ''തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ, വേദനിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ, സ്വയം അടച്ചുപൂട്ടിയിരിക്കുന്ന, സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത്''.

## യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. ''ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര

സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു.'' (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018–ൽ നടക്കും. അതിന്റെ പ്രമേയം യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

## പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസിനീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിത സാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്ന വിധം പ്രവർത്തിക്കാൻ തന്നെ.

## സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം

10. പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക്

പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ് വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് ''ഞാൻ സമ്മതിക്കുന്നു'' എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കൂസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

*ഈ സർക്കുലർലെ ആശയങ്ങൾ 2017 ഒക്ടോബർ 22-ാം തിയതി ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വിശദീകരിച്ച് കൊടുക്കേണ്ടതാണ്*

# ദൈവദാസി സി. റാണി മരിയയുടെ നാമകരണത്തെക്കുറിച്ച് മേജർ ആർച്ച് ബിഷപ്പ് പുറപ്പെടുവിക്കുന്ന സർക്കുലർ

2017 നവംബർ നാല് സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗൃഹീതമായ ദിനമാണ്. കാരണം, അന്നാണ് ഈ സഭയുടെ ഒരു പുത്രിയെ – സിസ്റ്റർ റാണി മരിയയെ – വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി തിരുസ്സഭ പ്രഖ്യാപിക്കുന്നത്. ഭാരത കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസും (CBCI), കേരള കത്തോലിക്കാ മെത്രാൻ കൗൺസിലും (KCBC) ഈ സംഭവത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംയുക്ത ഇടയലേഖനങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും, സീറോമലബാർ സഭയിലെ ഒരു അംഗം എന്നനിലയിലും എറണാകുളം – അങ്കമാലി അതിരൂപതയിലെ ഒരു സന്ന്യാസിനി എന്ന നിലയിലും സിസ്റ്റർ റാണി മരിയയെ സംബന്ധിച്ച് സീറോമലബാർ സഭയ്ക്ക് മൊത്തത്തിൽ ഒരു സർക്കുലർ പ്രസിദ്ധീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സിസ്റ്റർ റാണി മരിയയുടെ ജീവചരിത്രം ഇതിനകം പല രീതികളിൽ നാം മനസ്സിലാക്കിയിട്ടുള്ളതാണ്. കൂടുതൽ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സിസ്റ്ററിനെ സംബന്ധിച്ചുള്ള നിരവധി ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സഭാമക്കൾ സിസ്റ്ററിന്റെ ജീവിതത്തെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

1954 ജനുവരി 29–ന് പുല്ലുവഴി എന്ന ഗ്രാമീണ ഇടവകയിലെ വട്ടാലിൽ പൈലി - ഏലീശ്വാ ദമ്പതികളുടെ ഏഴുമക്കളിൽ രണ്ടാമത്തെ മകളായിട്ടായിരുന്നു സിസ്റ്റർ റാണി മരിയ ജനിച്ചത്. 1972 ജൂൺ 3- ന് ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ എറണാകുളം പ്രോവിൻസിൽ നവസന്ന്യാസിനിയായി വ്രതവാഗ്ദാനം ചെയ്തു. 1980 മെയ് 22–ന് ആയിരുന്നു നിത്യവ്രതവാഗ്ദാനം.

ബിജ്നോർ, സത്ന എന്നീ സീറോ മലബാർ മിഷൻ രൂപതകളിലായിരുന്നു സിസ്റ്റർ റാണി മരിയയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ പതിനാറു

വർഷവും ചെലവഴിച്ചത്. അവസാനത്തെ രണ്ടു വർഷമാണ് ഇൻഡോർ രൂപതയിൽ സേവനം ചെയ്തത്. ഇവിടെ വച്ചാണ് 1995 ഫെബ്രുവരി 25–ാം തീയതി ദാരുണമായി സിസ്റ്റർ വധിക്കപ്പെട്ടത്. ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കുന്നവരെ, അതിനെ എതിർക്കുന്നവർ ആക്രമിക്കുകയോ വധിക്കുകയോ ചെയ്യാം. അപ്രകാരം വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിക്കുന്നവരെയാണ് രക്തസാക്ഷികളെന്ന് സഭ പ്രഖ്യാപിക്കുന്നത്. അത്തരം രക്തസാക്ഷികളുടെ ചുടുനിണം വീണ് കുതിർന്ന മണ്ണിൽ നിന്നാണ് സഭാവൃക്ഷം ശക്തി സംഭരിച്ചതും വളർന്ന് വികസിച്ചതും. അതോടൊപ്പം, വിശ്വാസം പ്രഘോഷിക്കുന്ന ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻവേണ്ടി ജീവാർപ്പണം ചെയ്തവരെയും സഭ രക്തസാക്ഷികളായി അംഗീകരിക്കുന്നു. സത്യം, നീതി, സ്നേഹം, സാഹോദര്യം തുടങ്ങിയ ക്രൈസ്തവ മൂല്യങ്ങൾക്കുവേണ്ടി നിർഭയം പോരാടി മരണം വരിച്ചവരെ വിശ്വാസ സാക്ഷ്യത്തിന്റെ മേഖലയിലെ രക്തസാക്ഷികളായി സഭ ആദരിക്കുന്നു. ഈ അർത്ഥത്തിലാണ് സിസ്റ്റർ റാണി മരിയയെ രക്തസാക്ഷിയായി സഭ അംഗീകരിക്കുന്നത്. ആ നിലയിൽ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുന്ന ഭാരതത്തിലെ പ്രഥമ വനിതയും സമർപ്പിതയുമാണ് സിസ്റ്റർ റാണി മരിയ.

കാർഷികമേഖലയിൽ നിലനിന്നിരുന്ന ചൂഷണത്തിനെതിരെ തൊഴിലാളികളുടെ നീതിക്കുവേണ്ടി പോരാടിയ ഒരു ധീര രക്തസാക്ഷിയാണ് സിസ്റ്റർ റാണി മരിയ. ക്രിസ്തു ഉയർത്തി പിടിച്ച ഉന്നതമായ മൂല്യങ്ങളിലുള്ള ആഴമായ ബോദ്ധ്യവും വിശ്വാസവുമാണ് ഒരു ക്രിസ്തു ശിഷ്യ എന്ന നിലയിൽ അവയ്ക്കുവേണ്ടി നിലകൊള്ളുവാനും ജീവാർപ്പണം ചെയ്യുവാനും സിസ്റ്റർ റാണി മരിയയെ പ്രചോദിപ്പിച്ചത്.

സ്വന്തം മകൾ നിഷ്ഠൂരം വധിക്കപ്പെട്ടതിന്റെ വേദന ഉള്ളിൽ കടിച്ചമർത്തിക്കൊണ്ട് മാതാപിതാക്കളും, സ്വന്തം സഹോദരിയുടെ വേർപാടിന്റെ കടുത്ത ദുഃഖം ഉള്ളിൽ ഒതുക്കിക്കൊണ്ട് സഹോദരി സിസ്റ്റർ സെൽമിയും സിസ്റ്റർ റാണി മരിയയെ വധിച്ച ഘാതകനോട് നിരുപാധികം ക്ഷമിച്ചത് ഈ സംഭവത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായമാണ്. വിദേശ മിഷനറി ഗ്രഹാം സ്റ്റെയിനെയും രണ്ടു പിഞ്ചു കുട്ടികളേയും 1999 ജനുവരി

22–ന് ജീപ്പിലിട്ട് കത്തിച്ചുകൊന്ന സംഭവത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഗ്ലാഡീസ് സ്റ്റെയിൻഡ് നിരുപാധികം അവരോട് ക്ഷമിച്ചുകൊണ്ട് കാണിച്ച ശത്രുസ്നേഹത്തിന്റെ ഉദാത്തമായ മാതൃക ഇവരിലൂടെ ആവർത്തിക്കുകയായിരുന്നു. സഭാമക്കൾക്ക് വലിയ പ്രചോദനത്തിന്റെ ഉത്തമ മാതൃകയായി സഭാചരിത്രത്തിൽ എന്നും ഇത് തിളങ്ങി നിൽക്കും.

റോമിൽവച്ച് സിസ്റ്റർ റാണി മരിയയുടെ 10–ാം ചരമവാർഷികം ഇന്ത്യാക്കാരോടൊപ്പം വി. കുർബ്ബാനയർപ്പിച്ച് ആചരിച്ചതും 2015 ഫെബ്രുവരി 25–ന് ഇൻഡോറിൽവച്ച് സിസ്റ്ററിന്റെ 20–ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചതും 'സിസ്റ്റർ റാണി മരിയ ഫൗണ്ടേഷന്റെ' ഉദ്ഘാടനം നിർവ്വഹിച്ചതും അതിന്റെ പ്രഥമ അംഗത്വം സിസ്റ്റർ റാണി മരിയയുടെ ഘാതകനായ സമന്ദർസിംഗിന് നല്കിയതുമെല്ലാം എന്നും എന്റെ മനസ്സിൽ മായാതെ നില്ക്കുന്ന സജീവ സ്മരണകളാണ്.

വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും ദൈവദാസരുടെയും സാന്നിദ്ധ്യംകൊണ്ട് ഏറെ സമ്പന്നമാണ് ഭാരത ക്രൈസ്തവ സഭ. സഭയുടെ ആരാമത്തിൽ ഏറ്റവും ഒടുവിലായി വിരിയുന്ന രക്തപുഷ്പമാണ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കു ഉയർത്തപ്പെടുന്ന സിസ്റ്റർ റാണി മരിയ. തങ്ങൾ ജീവിച്ച കാലഘട്ടത്തിൽ നിലനിന്ന ക്രൈസ്തവോചിതമല്ലാത്ത സംവിധാനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും എതിരെ ഉറച്ച നിലപാട് എടുക്കുകയും വീരോചിതമായി പോരാടുകയും അതിന്റെ പേരിൽ സഹിക്കുകയും ജീവനർപ്പിക്കുകയും ചെയ്ത അനേകം രക്തസാക്ഷികളിൽ ഒരാൾ. സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതാണ് ഏറ്റവും വലിയ സ്നേഹമെന്ന് പ്രഖ്യാപിക്കുകയും (യോഹ 15:13) കുരിശിൽ ഒരു യാഗമായി സ്വന്തം ജീവൻ ഹോമിക്കുകയും ചെയ്ത ക്രിസ്തുവിന്റെ പാത പിൻചൊല്ലാൻ ഈ നൂറ്റാണ്ടിൽ ധൈര്യം കാണിച്ച ഒരു സമർപ്പിത. പ്രതികൂല സാഹചര്യങ്ങളിൽ ഇന്ന് സുവിശേഷം പ്രഘോഷിക്കുന്ന അനേകം മിഷനറിമാർക്ക് ആവേശവും കരുത്തും പകരുന്ന ഒന്നാണ് സിസ്റ്ററിന്റെ ജീവിത സാക്ഷ്യവും മരണവും. അതു ഭാരതസഭയ്ക്കു പകരുന്ന പുത്തൻ ചൈതന്യത്തിന്റെയും പ്രചോദനത്തിന്റെയും പേരിൽ നമുക്ക് ഒന്ന് ചേർന്ന് ദൈവത്തിന് നന്ദി പറയാം.

2017 നവംബർ 4–ാം തീയതി ഇൻഡോറിൽവച്ചാണ് സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി പ്രഖ്യാപിക്കുന്ന ചടങ്ങ് നടക്കുന്നത്. സിസ്റ്റർ ഉൾപ്പെട്ട സന്ന്യാസിനീ സമൂഹമായ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയിൽനിന്നും ജന്മനാട്ടിൽ നിന്നും സിസ്റ്ററിന്റെ ജീവിതവുമായി ബന്ധപ്പെട്ട മറ്റു മേഖലകളിൽ നിന്നും നിരവധി പേർ ഇതിൽ പങ്കെടുക്കുവാനായി പോകുന്നുണ്ട്. കേരളാടിസ്ഥാനത്തിൽ ഇതിന്റെ ആഘോഷം നടക്കുന്നത് 2017 നവംബർ 11–ന് ഉച്ചകഴിഞ്ഞ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിലാണ്. ഇടവകാടിസ്ഥാനത്തിൽ സാധിക്കുന്നിടത്തോളംപേർ പ്രാർത്ഥനാപൂർവ്വം ഈ ആഘോഷത്തിൽ പങ്കെടുക്കണമെന്നും ബന്ധപ്പെട്ടവർ അതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സിസ്റ്റർ റാണി മരിയയുടെ ജന്മനാടായ പുല്ലുവഴിയിൽ സെന്റ് തോമസ് ദേവാലയത്തിൽവച്ച് നവംബർ 19–ാം തീയതി ആഘോഷം നടക്കുന്നുണ്ട്. സാധിക്കുന്നിടത്തോളം ആളുകൾ അതിലും സംബന്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടിയും ക്രൈസ്തവമൂല്യങ്ങൾക്കുവേണ്ടിയും ചൂഷിതരുടെ വിമോചനത്തിനുവേണ്ടിയും ധീരമായ സാക്ഷ്യം വഹിക്കുവാൻ അനേകം യുവജനങ്ങൾ സിസ്റ്ററിന്റെ പ്രചോദനത്താൽ കടന്നുവരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. സിസ്റ്ററിനെ വിശുദ്ധയായി പ്രഖ്യാപിക്കാനുള്ള നാമകരണ നടപടികൾ ത്വരിത ഗതിയിലാകാനും പൂർത്തീകരിക്കപ്പെടാനും എല്ലാവരും പ്രാർത്ഥിക്കണം. സിസ്റ്റർ റാണി മരിയയുടെ മദ്ധ്യസ്ഥാനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017–ാം ആണ്ട് സെപ്റ്റംബർ മാസം 26 –ാം തിയതി നൽകപ്പെട്ടത്.

*ഈ സർക്കുലർ 2017 ഒക്ടോബർ 29-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

## മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

***സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.***

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

ജീവൻ ദൈവത്തിന്റെ അമൂല്യദാനമാണെന്നും അതിൽ കൈവെയ്ക്കാൻ ആർക്കും അധികാരമില്ലെന്നും ജീവൻ കാത്തുസൂക്ഷിക്കാൻ നമുക്ക് ധാർമ്മികമായ ഉത്തരവാദിത്വം ഉണ്ടെന്നും എക്കാലവും ലോകത്തെ പഠിപ്പിക്കുന്നവളാണ് സഭ. ജീവൻ ബലഹീനമായ ഗർഭസ്ഥ ശിശുവിന്റെ രൂപത്തിലാണെങ്കിലും യന്ത്ര സഹായത്തോടെ മാത്രം നിലനിറുത്തുന്ന മരണാസന്നനായ രോഗിയുടെ രൂപത്തിലാണെങ്കിലും സഭയുടെ ഈ നിലപാടിൽ മാറ്റമില്ല. ഇക്കാരണം കൊണ്ട് അല്പം പഴഞ്ചനാണെന്ന വിമർശനം നേരിട്ടുകൊണ്ടുപോലും കൃത്രിമമായ സന്താന നിയന്ത്രണമാർഗ്ഗങ്ങളെ തള്ളി പറഞ്ഞും യുദ്ധം പാപമാണെ് സമർഥിച്ചും സഭ നിലപാട് എടുത്തുപോരുന്നു. ഇന്നത്തെ ഉപഭോഗസംസ്കാരം ജീവന്റെ നിലനില്പിന് എതിരെ ഉയർത്തു വെല്ലുവിളികൾ ചെറുതല്ല.

ജീവൻ അതിന്റെ ഏത് രൂപത്തിലും ദൈവത്തിന്റെ ദാനമാണെ് വിശുദ്ധ ജോപോൾ രണ്ടാമൻ മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു (കുടുംബം ഒരു കൂട്ടായ്മ). ജീവൻ നിലനിറുത്താനും ജീവസംസ്കാരം പരിപോഷിപ്പിക്കുവാനുമുള്ള സഭയുടെ പരിശ്രമങ്ങളിൽ പങ്കുചേരാനുള്ള ഉത്തരവാദിത്വം ഓരോ ക്രൈസ്തവ വിശ്വാസിക്കും ഉണ്ട്.

നമ്മുടെ സഭയിൽ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ് എന്ന പേരിലറിയപ്പെടുന്ന കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഫാമിലി അപ്പോസ്റ്റലേറ്റ്, മാതൃവേദി, കുടുംബകൂട്ടായ്മ, കത്തോലിക്കാ കോഗ്രസ്. അല്മായഫോറങ്ങൾ  എന്നീ പ്രസ്ഥാനങ്ങളോടൊപ്പം ഇനി മുതൽ

പ്രോ–ലൈഫ് മൂവ്മെന്റു കൂടി ചേർന്നു പ്രവർത്തിക്കുതായിരിക്കും. ഈ കമ്മീഷന്റെ നേതൃത്വത്തിൽ മൂന്നു പ്രത്യേക ശുശ്രൂഷകളിലൂടെ, നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പ്രാദേശിക സഭയിലും മനുഷ്യമഹത്വം പ്രഘോഷിക്കാനുള്ള പരിശ്രമങ്ങൾക്ക് സഭ തുടക്കമിടുകയാണ്. ഈ ത്രിവിധ ശുശ്രൂഷകളെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കാനാഗ്രഹിക്കുന്നു. അവയൊരോന്നും പ്രാദേശികമായ അനുരൂപണങ്ങളോടെ ഓരോ രൂപതയിലും നടപ്പിലാക്കുന്നതിലൂടെ, ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമുള്ള (യോഹ. 10:10) ഈശോയുടെ ദൗത്യം ചരിത്രത്തിലൂടെ നാം തുടരുകയാണ് ചെയ്യുത്.

## 1. ഏലീശ്വാ സന്ദർശനം

ഗർഭസ്ഥശിശുക്കളുള്ള ദമ്പതികളെ ഒരുമിച്ചുകൂട്ടി ഒരു ദിവസമോ മൂന്ന് ദിവസമോ ദൈർഘ്യമുള്ള ശുശ്രൂഷയാണ് ഏലീശ്വാ സന്ദർശന/ ധ്യാനത്തിലൂടെ ഒരുക്കുന്നത്. ധ്യാനത്തിന് സമാനമായ രീതിയിൽ മൂന്നു ദിവസങ്ങളിലായി ഇതു നടത്തുതാണ് കൂടുതൽ അഭികാമ്യം. മംഗളവാർത്ത സ്വീകരിച്ച പരിശുദ്ധ മറിയം എലിസബത്തിനെ സന്ദർശിച്ചതും ശുശ്രൂഷിച്ചതും വഴി ഗർഭസ്ഥ ശിശുവായ സ്നാപകയോഹാൻ ദൈവാത്മാവിൽ നിറഞ്ഞ് ദൈവകരം കൂടെയുള്ളവനായി മാറിയെതാണ് ഈ ശുശ്രൂഷയുടെ പിന്നിലുള്ള ദർശനം. ഇതിന്റെ ഭാഗമായി ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കളെ ഓരോ രൂപതയുടെയും സാഹചര്യമനുസരിച്ച് ഫൊറോനാ, ഇടവക തലങ്ങളിൽ സംഘടിപ്പിച്ച് വിശ്വാസജീവിതം, ധാർമ്മികത, മനശ്ശാസ്ത്രം, ശിശുപരിപാലനം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നു. വചന ശുശ്രൂഷ, വിശുദ്ധ കുർബാന, കുമ്പസാരം, കൗസിലിംഗ് തുടങ്ങിയവയിലൂടെ ആത്മീയ വിശുദ്ധീകരണത്തിനും സൗകര്യം നൽകുന്നു. വ്യത്യസ്തങ്ങളായ ശാരീരിക, മാനസിക, ആത്മീയ അവസ്ഥകളിലൂടെ കടുപോകുന്ന ഗർഭവതികളായ സ്ത്രീകൾക്ക് ജീവിതവിശുദ്ധിയും ആത്മീയപോഷണവും മാനസിക–വൈകാരിക പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവും ഇതിലുടെ സ്വായത്തമാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജീവന്റെ സുവിശേഷം പ്രഘോഷിക്കുതിൽ ഏലീശ്വാ സന്ദർശനത്തിന് വളരെ നിർണായക പങ്കുവഹിക്കാനാകും. ശാരീരിക, മാനസിക, ആത്മീയ ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്താൻ കുടുംബങ്ങളെയും ദമ്പതികളെയും ഇത് ഏറെ സഹായിക്കും. വിശ്വാസവും ധാർമ്മികതയുമുള്ള ഭാവി സഭാസമൂഹത്തിന്റെ രൂപീകരണമാണ് ഇവിടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. നന്മ നിറഞ്ഞതും ക്രിയാത്മകവുമായ ഒരു സമൂഹത്തിന്റെ നിർമ്മിതിക്ക് ഇതു വഴി തുറക്കുന്നു. മനുഷ്യജീവനെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുക, അതിന്റെ വളർച്ചയുടെ ഏതവസ്ഥയിലും അതിനെതിരെ ഉണ്ടാകുന്ന ആക്രമണങ്ങളിൽനിന്ന് അതിനെ സംരക്ഷിക്കുക (കുടുംബം ഒരു കൂട്ടായ്മ, നമ്പർ 30) എന്ന സഭയുടെ ദൗത്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിരിക്കുത്. ഏതാനും രൂപതകളിൽ ഇപ്പോൾതന്നെ നടന്നുവരുന്ന ഈ ശുശ്രൂഷ എല്ലാ രൂപതകളിലും കൂടുതൽ ഗൗരവബുദ്ധ്യാ നടപ്പിലാക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്.

## 2. മുത്തശ്ശീ, മുത്തച്ഛന്മാരുടെ ദിനം

തലമുറകളെ പാരമ്പര്യത്തിലും സംസ്കാരത്തിലും കാത്തുപരിപാലിക്കാനും തലമുറകളെ കൂട്ടിയിണക്കുന്ന കണ്ണികളായി വർത്തിക്കാനും മുത്തശ്ശീ മുത്തച്ഛന്മാർക്ക് അതുല്യമായൊരു പങ്കുണ്ട്. വാർദ്ധക്യം അവഗണിക്കപ്പെടേണ്ട ഒന്നല്ലെന്നും സ്നേഹകൊണ്ട് മനോഹരമാക്കേണ്ടതാണെന്നും സഭ പഠിപ്പിക്കുന്നു. കഴിഞ്ഞ കാലങ്ങളിലെ നന്മകളും മൂല്യങ്ങളും ഇന്നത്തെ തലമുറയിലേക്ക് സംക്രമിപ്പിക്കാനും അനുഭവം കൊണ്ട് ആർജിച്ചെടുത്ത വിശ്വാസത്തിന്റെ ബോദ്ധ്യങ്ങളിൽ ഇത്തെ തലമുറയെ വളർത്താനും കഴിയുന്നവരാണ് മുത്തശ്ശീ മുത്തച്ഛന്മാർ. അവർക്കായി ഒരു ദിനം ഉചിതമായി ആചരിക്കുന്നതിലൂടെ ഇന്നത്തെ തലമുറക്ക് വയോജനങ്ങളോടുള്ള മനോഭാവങ്ങൾ മാറ്റാനും സമൂഹ നിർമ്മിതിയിൽ അവരെ ക്രിയാത്മകമായി ഉൾപ്പെടുത്തുവാനും സാധിക്കുന്നതാണ്.

പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കളായ യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ ദിനമായ ജൂലൈ 26 മുത്തശ്ശീ, മു

ത്തച്ഛന്മാരുടെ ദിനമായി ആചരിക്കുന്നത് ഉചിതമാകുമെന്ന് സഭ കരുതുന്നു. അതിനുള്ള ക്രമീകരണങ്ങൾ രൂപതാ–ഇടവകതലങ്ങളിൽ നടത്തുവാൻ ബന്ധപ്പെട്ടവർ താല്പര്യമെടുക്കണം. കുടുംബത്തിനും സഭയ്ക്കും അവരോടുള്ള സ്നേഹാദരങ്ങളും, ബന്ധവും വെളിവാക്കുന്നതിന് ഇതു നിമിത്തമാകും. നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലും ഈ ദിനം വ്യക്തമായ കർമ്മപദ്ധതികളോടെ ക്രിയാത്മകമായി ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

### 3. മുതിർന്ന പൗരന്മാരോടുള്ള ആദരം

പൊതുസമൂഹത്തിൽ മുതിർന്ന പൗരന്മാർക്ക് Pensioners' Forum പോലുള്ള പ്രസ്ഥാനങ്ങളുണ്ട്. തങ്ങളുടെ യുവത്വവും ആരോഗ്യവും കഴിവുകളും കുടുംബത്തിനും സമൂഹത്തിനും നൽകിയവരെന്നനിലയിൽ മുതിർന്നവർക്കു സഭയിലും വളരെയേറെ പ്രാധാന്യമുണ്ട്. ഇവരുടെ അനുഭവസമ്പത്തും സമർപ്പണബുദ്ധിയും പുതിയ തലമുറയിലേക്കു പകരാൻ മുതിർന്നവരുടെ കൂട്ടായ്മകൾ ഉചിതമാണ്. മാനസികവും ശാരീരികവുമായി ഒറ്റപ്പെടലിന്റെ അവസ്ഥയിലായിരിക്കുന്നവർക്കും ജീവിത പങ്കാളി നഷ്ടപ്പെട്ടവർക്കും ഇപ്രകാരമുള്ള ഒരുമിച്ചുചേരൽ കൂടുതൽ അനുഗ്രഹമാകും. അണുകുടുംബങ്ങളിലും നഗരങ്ങളിലുമായിരിക്കുന്നവർക്ക് ഇത്തരം സംഗമങ്ങൾ ഏറെ സഹായകരമായിരിക്കും.

മുതിർന്നവർക്കു ലഭിച്ചിട്ടുള്ള അനുഭവസമ്പത്തും ആധികാരികമായ അറിവും ജനോപകാരപ്രദമായ കർമപദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ ഇതുവഴി സാധിക്കും. സഭാശുശ്രൂഷകളുടെ വിവിധ മേഖലകളിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നതോടൊപ്പം പുതുതലമുറയ്ക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനും ഇത്തരം കൂട്ടായ്മകളിലൂടെ മുതിർന്നവർക്ക് അവസരം ലഭിക്കുന്നു. കാലികമായ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾക്കും ഇവർക്കു സാധിക്കും. ഓരോ നാടിന്റെയും ആവശ്യങ്ങൾ മനസ്സിലാക്കി സഭയോടു ചേർന്ന് പൊതുസമൂഹത്തിനാവശ്യമായ കർമപരിപാടികൾ ആവിഷ്കരിക്കാൻ മുതിർന്ന പൗരന്മാർക്കു കടമയുണ്ട്. അതിനു സഹായിക്കുന്ന സംഘടിതമായ ശ്രമമാണ് സഭ ആഗ്രഹിക്കുന്നത്.

പ്രാരംഭത്തിൽ, വാർഡ്–ഇടവക തലങ്ങളിൽ എട്ടു മുതൽ 10 പേർ വരെയുള്ള മുതിർന്നവരുടെ ചെറിയ സംഘങ്ങൾ രൂപീകരിക്കുന്നു. ആഴ്ചയിലൊരിക്കൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും, സത്പ്രവൃത്തികളും നല്ല നേതൃത്വവും വഴി സഭയെ പടുത്തുയർത്താനും ഈ വേദികൾ കാലക്രമേണ സഹായകരമാകും. വ്യത്യസ്ത മേഖലകളിൽ പ്രവർത്തനതാല്പര്യമുള്ളവരെ ഏകോപിപ്പിച്ച് രൂപതാ, സഭാതലങ്ങളിൽ സേവനങ്ങൾ പ്രയോജനപ്പെടുത്താനും ഈ കൂട്ടായ്മകളിലൂടെ സാധിക്കും. തങ്ങൾ സമൂഹത്തിനും സഭയ്ക്കും പ്രിയപ്പെട്ടവരും പ്രതീക്ഷയുമാണെന്ന ബോധ്യത്തിലൂടെ പ്രായത്തിന്റെ പരിമിതികളിൽനിന്ന് ഉയരാനും തീക്ഷ്ണതയോടെ സേവനമേഖലകളിൽ കർമനിരതരാകാനും എല്ലാ മുതിർന്ന പൗരന്മാരെയും സാദരം ക്ഷണിക്കുന്നു.

ജീവനും ജീവന്റെ സംസ്കാരവും അവഗണിക്കപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ചെയ്യുന്ന ഇടങ്ങളിൽ യഥാർത്ഥത്തിൽ ക്രിസ്തുവാണ് വേദനിക്കുകയും മുറിവേല്ക്കപ്പെടുകയും ചെയ്യുന്നത്. അങ്ങനെയുള്ള ഇടങ്ങളിൽ പ്രത്യാശയുടെയും ജീവ സംരക്ഷണത്തിന്റെയും വക്താക്കളും പ്രവാചകരുമായി മാറാൻ ക്രൈസ്തവ സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്. മേല്പറഞ്ഞ മൂന്ന് ശുശ്രൂഷകളിലൂടെ സഭയുടെ സമസ്ത മേഖലകളിലും ജീവന്റെ സംസ്കാരം പടുത്തുയർത്തുന്നതിൽ നമുക്ക് ഒന്നായി കൈകോർക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**+ കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017–ാം ആണ്ട് സെപ്റ്റംബർ മാസം 08–ാം തീയതി നല്കപ്പെട്ടത്.

*NB ഈ സർക്കുലർ 2017 നവംബർ 5–ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്*

# രൂപതാകച്ചേരി വാർത്തകൾ

## Appointment and Transfer:

| | | |
|---|---|---|
| Rev. Fr. James Pulthakadiyil | : | Diocesan Finance Officer |
| Rev. Fr. Joseph Panackachira | : | Parish Priest, St. Peter's Church, Mastikatte |
| Rev. Fr. Thomas Pallath, mcbs | : | Parish Priest, Kristuraja Church, Anavatty |
| Rev. Fr. Joseph Vathalloor, mcbs | : | Parish Priest, St. Joseph Church, Davengere |
| Fr. Tomy Urumbukuzhyil | : | Renewal Team, N.R. Pura |
| Rev. Fr. Mathew Manelil | : | Studies in Family Apostolate at Cana, Changanacherry |

### നന്ദി

ദാവൻഗെര ഇടവകയിൽ സ്തുത്യർഹമായ സേവനത്തിനു ശേഷം സ്ഥലം മാറിയിരിക്കുന്ന ബഹു. ഡോൺ തെരുവംകുന്നേലച്ചന് നന്ദിയും പുതിയ സേവനരംഗത്ത് വിജയാസംസകളും.

### രൂപതാദിനം 2017

നമ്മുടെ രൂപതയുടെ 10–ാം വാർഷികം 2017 ഒക്ടോബർ 25–ന് ബോധന പാസ്റ്ററൽ സെന്ററിൽ വച്ച് നാം ആഘോഷിക്കുകയാണ്. രൂപതാദിനത്തിനൊരുക്കമായി ഒക്ടോബർ 22 ഞായർ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മുൻവർഷങ്ങളിൽ ഓരോ ഇടവകക്കും പ്രത്യേകമായി നിശ്ചയിച്ചു തന്നിരുന്ന പ്രാർത്ഥനാദിനം ഈ വർഷം ബൈബിൾ കൺവെൻഷനു മുമ്പ് തീരത്തക്കവിധം കൺവെൻഷൻ ഭാരവാഹികൾ നിശ്ചയിച്ചു തരുന്നതാണ്. രൂപതാദിനത്തിൽ വിവാഹജീവിതത്തിന്റെ സുവർണജൂബിലി; സന്യാസ, പൗരോഹിത്യജീവിതത്തി

ന്റെ രജത, സുവർണ ജൂബിലി; മതാദ്ധ്യാപന രജതജൂബിലി എന്നിവ ആഘോഷിക്കുന്നവർ, മതബോധന, SSLC ക്ലാസ്സുകളിൽ ഏറ്റവും ഉയർന്ന മാർക്കുനേടിയ രൂപതയിൽ നിന്നുള്ള വിദ്യാർത്ഥികൾ, മറ്റേതെങ്കിലും പ്രത്യേക നേട്ടങ്ങൾക്കുടമകളായവർ, എന്നിവരെ പ്രത്യേകം ആദരിക്കുന്നതാണ്.

